# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XII
## (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട്
**(2026-2027)**

## SIXTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
**(2026-2027)**

**2026 ഫെബ്രുവരി 23-ാം തീയതി സമർപ്പിച്ചത്**
**(Presented on 23rd February 2026)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2026

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII

## (SUBJECT COMMITTEE XII)

# ആരോഗ്യവും കുടുംബക്ഷേമവും

## (HEALTH AND FAMILY WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ആറാമത് റിപ്പോർട്ട്**

**(2026-2027)**

**SIXTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2026-2027)**

210/2026.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XII

## (ആരോഗ്യവും കുടുംബക്ഷേമവും)

## (2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീമതി വീണാ ജോർജ്,
ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# അവതാരിക

2026-2027 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച, സമിതിയുടെ ആറാമത് റിപ്പോർട്ട് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

സമിതി, 10-2-2026-ന് യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾപ്പെട്ട വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XVIII | _ | വൈദ്യസഹായവും പൊതുജനാരോഗ്യവും |
| ധനാഭ്യർത്ഥന നമ്പർ XIX | _ | കുടുംബക്ഷേമം |
| ധനാഭ്യർത്ഥന നമ്പർ XX | _ | ശുദ്ധജല വിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ XXX | _ | ഭക്ഷ്യം |

മേല്പറഞ്ഞ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

പ്രസ്തുത വിവരങ്ങൾ പരിശോധനാവിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാ പരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2026 ഫെബ്രുവരി 17-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വീണാ ജോർജ്,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 23.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ—XVIII
## വൈദ്യസഹായവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത് : 12640,99,35,000 രൂപ.

ചാർജ് ചെയ്തത് : 465,000 രൂപ

### ആരോഗ്യ വകുപ്പ്

2210-06-003-94-12—പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടി നഴ്സിംഗ് സ്കൂൾ, ശാസ്താംകോട്ട, കൊല്ലം-സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

ബഡ്ജറ്റ് വിഹിതം : 5.92 ലക്ഷം രൂപ

1. ജി എൻ എം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെൻഡ് കുടിശ്ശിക ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 10.15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-29—ദേശീയ ആരോഗ്യ ദൗത്യം- Kind Grant and IM Grant State Share

1. 2210-06-101-29-01—ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്ര വിഹിതം) Kind Grant and IM Grant State Share (60:40)

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

2. 2026-27 സാമ്പത്തിക വർഷം നാഷണൽ ഹെൽത്ത് മിഷന് കേന്ദ്രം അനുവദിക്കുമെന്ന് അറിയിച്ചിരിക്കുന്ന പദ്ധതി അടങ്കൽ തുക 1483.22 കോടി രൂപയാണ്. ഇതിൽ Kind Grant ആയി അനുവദിക്കുമെന്ന് അറിയിച്ചിരിക്കുന്നത് 247.57 കോടി രൂപയാണ്. ആയതിനാൽ ഇതിന്റെ സംസ്ഥാന വിഹിതമായി 165.01 കോടി രൂപയാണ് വേണ്ടി വരുന്നതെങ്കിലും നടപ്പ് സാമ്പത്തിക വർഷം ഈ ഫണ്ടിൽ തുകയൊന്നും അനുവദിച്ചില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 165.01 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അധിക ധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-29-02—ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രവിഹിതം) - Infrastructure Maintenance (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

3. 2026-27 സാമ്പത്തിക വർഷം നാഷണൽ ഹെൽത്ത് മിഷന് കേന്ദ്രം അനുവദിക്കുമെന്ന് അറിയിച്ചിരിക്കുന്ന പദ്ധതി അടങ്കൽ തുക 1483.22 കോടി രൂപയാണ്. ഇതിൽ Infrastructure Maintenance grant ആയി അനുവദിക്കുമെന്ന് അറിയിച്ചിരിക്കുന്ന തുക 198.42 കോടി രൂപയാണ്. ഇതിന്റെ സംസ്ഥാന വിഹിതമായി വേണ്ടി വരുന്ന തുക 132.28 കോടി രൂപയാണെങ്കിലും ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 132.28 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അധിക ധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-112-98-34-3—ആശാവർക്കർമാർക്കുള്ള അലവൻസ്- മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 250.8 കോടി രൂപ (നോൺ പ്ലാൻ)

4. 2026-27 ബഡ്ജറ്റ് പ്രസംഗത്തിൽ ആശാവർക്കർമാരുടെ ഹോണറേറിയം 1000 രൂപ വർദ്ധിപ്പിച്ചിരിക്കുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 31.35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-01-110-74— ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള നിർമ്മാണ ജോലികൾ

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

5. വിവിധ ജില്ലകളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ഭരണാനുമതി ലഭിച്ച് ജോലികൾ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

2210-01-110-96—അലോപ്പതി മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം

ബഡ്ജറ്റ് വിഹിതം : 2210-01-110-96-05-2- വൈദ്യുതി ചെലവ് : 6.0897 കോടി രൂപ (നോൺ പ്ലാൻ)

6. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.7103 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-78—മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റ് ആശുപത്രികളിലും മെഡിക്കൽ ഓക്സിജനും ലിക്വിഡ് മെഡിക്കൽ ഓക്സിജനും വിതരണം

2210-01-110-78-34—മറ്റു ചെലവുകൾ- 3 മറ്റിനം

ബഡ്ജറ്റ് വിഹിതം : 13.2179 കോടി രൂപ (നോൺ പ്ലാൻ)

7. നിലവിലെ കണക്കുകൾ പ്രകാരം മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് ഈ ഇനത്തിൽ പ്രതിവർഷം ഏകദേശം 19.2 കോടി രൂപ ശരാശരി ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 5.9821 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-99—മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-001-99-05-1—വെള്ളക്കരം : 1.66 ലക്ഷം രൂപ

2210-05-001-99-05-2—വൈദ്യുതി ചെലവ് : 8.09 ലക്ഷം രൂപ

2210-05-001-99-05-3—ടെലിഫോൺ ചെലവ് : 1.93 ലക്ഷം രൂപ

2210-05-001-99-05-34-3—മറ്റു ചെലവുകൾ - മറ്റിനം : 14.19 ലക്ഷം രൂപ

8. വെള്ളക്കരം, വൈദ്യുതി ചെലവ്, ടെലിഫോൺ ചെലവ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത്, വീഡിയോ കോൺഫറൻസിംഗ് എന്നീ സംവിധാനങ്ങൾക്കുള്ള ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിനും കോന്നി, ഇടുക്കി, മഞ്ചേരി, കാസർകോഡ് എന്നീ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങൾക്ക് വേതനം നല്കുന്നതിനും മേൽ ശീർഷകങ്ങളിൽ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-99-05-1—വെള്ളക്കരം : 2.67 ലക്ഷം രൂപ

2210-05-001-99-05-2—വൈദ്യുതി ചെലവ് : 1.97 ലക്ഷം രൂപ

2210-05-001-99-05-4—ടെലിഫോൺ ചെലവ് : 3.64 ലക്ഷം രൂപ

2210-05-001-99-34-3—മറ്റു ചെലവുകൾ - മറ്റിനം: 16.20 ലക്ഷം രൂപ

2210-05-105-92—സർക്കാർ ദന്തൽ കോളേജ്, തിരുവനന്തപുരം
2210-05-105-92-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും.

ബഡ്ജറ്റ് വിഹിതം : 70 ലക്ഷം രൂപ (നോൺ പ്ലാൻ)

9. 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 7 കോടി 15 ലക്ഷം രൂപയ്ക്ക് പകരം ക്ലറിക്കൽ തകരാർ മൂലം 70 ലക്ഷം രൂപയെന്ന് തെറ്റായി നൽകിയതിനാൽ 6.4574 കോടി രൂപ അധികമായി പ്രസ്തുത ശീർഷകത്തിലേക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-54—നഴ്സിംഗ് കോളേജ്, എറണാകുളം

2210-05-105-54-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

ബഡ്ജറ്റ് വിഹിതം : 1.76 കോടി രൂപ (നോൺ പ്ലാൻ)

10. എം. എസ് സി ബോണ്ടഡ് ലെക്ചറർമാർക്കുള്ള വേതന വർദ്ധനവും ബി. എസ് സി നഴ്സിംഗ് സീറ്റ് വർദ്ധിപ്പിച്ചതുമൂലം നിർബന്ധിത നേഴ്സിംഗ് സേവനം ചെയ്യുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതിനാലും മേൽ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 95.98 ലക്ഷം രൂപ അധികമായി പ്രസ്തുത ശീർഷകത്തിലേക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-53—സർക്കാർ മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-105-53—ഓഫീസ് ചെലവുകൾ

01-വെള്ളക്കരം : 44.83 ലക്ഷം രൂപ

02- വൈദ്യുതി ചെലവ് : 2.7278 കോടി രൂപ

12- സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും: 3.7250 കോടിരൂപ

11. നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-53-05-1—3.0317 കോടി രൂപ

2210-05-105-53-05-2—4.3522 കോടി രൂപ

2210-05-105-53-12— 3.6277 കോടി രൂപ

2210-05-105-32-05-1—അലോപ്പതി മെഡിക്കൽ കോളേജ്, മഞ്ചേരി- ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 16.80 ലക്ഷം രൂപ (നോൺ പ്ലാൻ)

12. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിലെ വാട്ടർ ചാർജുകൾ അടയ്ക്കാൻ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.28 ലക്ഷം രൂപ അധികമായി പ്രസ്തുത ശീർഷകത്തിലേയ്ക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-30-34-3—മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യ നവീകരണവും വിലയേറിയ ഉപകരണങ്ങളുടെ സംരക്ഷണവും-മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

13. 2024-25 സാമ്പത്തിക വർഷത്തെ ബി.ഡി.എസ് ബില്ലുകൾ, പെൻഡിംഗ് ബില്ലുകൾ എന്നിവ നല്കുന്നതിനും ടെലിഫോൺ എക്സേഞ്ച് N.K.N. നെറ്റ് വർക്ക് എന്നിവയുടെ വാർഷിക കരാറിനും ആശുപത്രിയിൽ ഉപയോഗിക്കുന്ന വിലയേറിയ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കും നടപ്പു സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 16 കോടി രൂപ അധികമായി പ്രസ്തുത ശീർഷകത്തിലേക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-20—നഴ്സിംഗ് കോളേജ്, ആലപ്പുഴ

2210-05-105-20-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

ബഡ്ജറ്റ് വിഹിതം : 2.085 കോടി രൂപ (നോൺ പ്ലാൻ)

14. MSC നഴ്സിംഗ് ബോണ്ടഡ് ലെക്ചറർമാരുടെ വേതന വർദ്ധനവും ബി എസ് സി നഴ്സിംഗ് സീറ്റ് വർദ്ധിപ്പിച്ചത് മൂലം നിർബന്ധിത നഴ്സിംഗ് സേവനം ചെയ്യുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതിനാലും നടപ്പു സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.5401 കോടി രൂപ അധികമായി മേൽ ശീർഷകത്തിലേക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-09 -12—നഴ്സിംഗ് കോളേജ്-കൊല്ലം-സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

ബഡ്ജറ്റ് വിഹിതം : 4.27 ലക്ഷം രൂപ (നോൺ പ്ലാൻ)

15. കൊല്ലം സർക്കാർ നഴ്സിംഗ് കോളേജിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:10 നിലനിർത്തുന്നതിന് താൽക്കാലികമായി നിയമിതരായ ലെക്ചറർമാർക്ക് വേതനം നൽകുന്നതിന് നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 37.97 ലക്ഷം രൂപ അധികമായി പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-08-(01)-12—മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് പുതിയ നഴ്സിംഗ് കോളേജുകൾ, നഴ്സിംഗ് കോളേജ്, കാസറഗോഡ്-സ്കോളർ ഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (നോൺ പ്ലാൻ)

16. നടപ്പുസാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 37.40 ലക്ഷം രൂപ അധികമായി പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി**

2210-05-105-18-35—സിമെറ്റിനുള്ള സാമ്പത്തിക സഹായം-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 75 ലക്ഷം രൂപ(പ്ലാൻ)

17. സിമെറ്റിനു കീഴിലുള്ള മലമ്പുഴ കോളേജ് കെട്ടിടം, പള്ളുരുത്തി കോളേജ് ഹോസ്റ്റൽ എന്നീ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തേണ്ടതിനാൽ നടപ്പു സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 88.95 ലക്ഷം രൂപ

അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-18-36—സിമെറ്റിനു സാമ്പത്തിക സഹായം-സഹായ ധനം

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ(പ്ലാൻ)

18. സിമെറ്റിനു കീഴിലെ കെട്ടിടങ്ങളുടെ വാടക, ബസുകളുടെ അറ്റകുറ്റപ്പണികൾ, ഇൻഷ്വറൻസ് തുടങ്ങി വിവിധ പ്രവർത്തനങ്ങൾക്ക് മേൽ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 1.525 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-105-88—ഡെന്റൽ കോളേജ്- തിരുവനന്തപുരം -സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

19. തിരുവനന്തപുരം ഡെന്റൽ കോളേജിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി സമഗ്ര ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 3.82 കോടി രൂപ അധികമായി പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-105-66—ഇടുക്കി ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ്- മരാമത്തു പണികൾ.

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

20. ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-105-41-(01)—പത്തനംതിട്ട ജില്ലയില പുതിയ മെഡിക്കൽ കോളേജ്- മരാമത്തു പണികൾ

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

21. കോന്നി മെഡിക്കൽ കോളേജിന്റെ പ്രധാന കെട്ടിടം പണിഞ്ഞ വകയിൽ കരാറുകാരുടെ DLP കാലയളവ് കഴിയുന്ന മുറയ്ക്ക് കരുതൽ ധനം തിരികെ നൽകേണ്ടതിനാൽ മേൽ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ

അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി പ്രസ്തുത ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-105-31— ഡെന്റൽ കോളേജ്, തൃശ്ശൂർ

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

22. തൃശ്ശൂർ ഡെന്റൽ കോളേജിലെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മേൽ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-105-28—എല്ലാ മെഡിക്കൽ കോളേജുകളിലും ഓങ്കോളജി ആന്റ് ടെർഷ്യറി കെയർ സെന്റർ

ബഡ്ജറ്റ് വിഹിതം: 30 കോടി രൂപ ( പ്ലാൻ)

23. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലും കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലും ലീനിയാർ ആക്സിലേറ്ററുകൾ സ്ഥാപിക്കുന്നതിനും തൃശ്ശൂർ മെഡിക്കൽ കോളേജിൽ ബ്രാക്കിതെറാപ്പി മെഷീൻ സ്ഥാപിക്കുന്നതിനും മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 16 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഭക്ഷ്യ സുരക്ഷാ വകുപ്പ്**

2210-06-102-99— ഭക്ഷ്യകാര്യ ഭരണം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-06-102-99-06—വാടക, കരം, നികുതി : 10 ലക്ഷം രൂപ.

2210-06-102-99-34-3—മറ്റ് ചെലവുകൾ-മറ്റിനം : 12.76 ലക്ഷം രൂപ

24. ഭക്ഷ്യ സുരക്ഷ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കീഴിലെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വാടക, ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ വീട്ടു വാടക അലവൻസ്, സെക്യൂരിറ്റി ജീവനക്കാരുടെ വേതനം, തപാൽ സ്റ്റാമ്പ് എന്നിവയ്ക്കായി മേൽ സൂചിപ്പിച്ച ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99-06 : 19.45 ലക്ഷം രൂപ

2210-06-102-99-34-3 : 10.87 ലക്ഷം രൂപ

2210-06-107-98- ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം.

ബഡ്ജറ്റ് വിഹിതം: നോൺ പ്ലാൻ

2210-06-107-98-05-ഓഫീസ് ചെലവുകൾ-01-വെള്ളക്കരം : 1.02 ലക്ഷം രൂപ

2210-06-107-98-05-ഓഫീസ് ചെലവുകൾ-2-വൈദ്യുതി ചെലവ് : 31.38 ലക്ഷം രൂപ

2210-06-107-98-05-ഓഫീസ് ചെലവുകൾ-3-ടെലിഫോൺ ചെലവ് : 46000 രൂപ

2210-06-107-98-06-വാടക, കരം, നികുതി : 1.49 ലക്ഷം രൂപ

25. നടപ്പ് സാമ്പത്തിക വർഷം മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-98-05-01 : 1.38 ലക്ഷം രൂപ

2210-06-107-98-05-02 : 61.42 ലക്ഷം രൂപ

2210-06-107-98-05-03 : 38000 രൂപ

2210-06-107-98-06 : 1.51 ലക്ഷം രൂപ

**ഡ്രഗ്സ് കൺട്രോൾ വകുപ്പ്**

2210-06-104-99—ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം

ബഡ്ജറ്റ് വിഹിതം: (നോൺ പ്ലാൻ)

2210-06-104-99-06- വാടക, കരം, നികുതി : 9.24 ലക്ഷം രൂപ.

2210-06-104-99-45- പി.ഒ.എൽ : 2.18 ലക്ഷം രൂപ

26. നടപ്പ് സാമ്പത്തിക വർഷം മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-104-99-06 : 5 ലക്ഷം രൂപ

2210-06-104-99-45-POL : 12 ലക്ഷം രൂപ

2210-06-104-98- മരുന്ന് പരിശോധനശാല

ബഡ്ജറ്റ് വിഹിതം: (നോൺ പ്ലാൻ)

2210-06-104-98-05-1-ഓഫീസ് ചെലവുകൾ-വെള്ളക്കരം : 60,000 രൂപ

2210-06-104-98-05-2-ഓഫീസ് ചെലവുകൾ-വൈദ്യുതിചെലവ് : 32.41 ലക്ഷം രൂപ

2210-06-104-98-06-വാടക, കരം, നികുതി : 1.09 ലക്ഷം രൂപ.

27. നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-104-98-05-1 : 1.4 ലക്ഷം രൂപ

2210-06-104-98-05-2 : 13 ലക്ഷം രൂപ

2210-06-104-98-06: 2 ലക്ഷം രൂപ

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്**

2210-80-190-99-36- കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 384.912 കോടി രൂപ (നോൺ പ്ലാൻ)

28. 2026-27 സാമ്പത്തിക വർഷത്തെ അവശ്യ മരുന്നുകളുടെ സംഭരണത്തിന് നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 630.0103 കോടി രൂപ അധികമായി ധനഃപുനവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല**

2210-05-001-93-31—കേരള ആരോഗ്യശാസ്ത്രസർവ്വകലാശാല-സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 4.8466 കോടി രൂപ (നോൺ പ്ലാൻ)

29. നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 14.1534 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-93-36—കേരള ആരോഗ്യ ശാസ്ത്രസർവ്വകലാശാല-സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 2.9462 കോടി രൂപ (നോൺ പ്ലാൻ)

30. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5.0538 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-93-35- മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം-

ബഡ്ജറ്റ് വിഹിതം : 12 കോടി രൂപ (പ്ലാൻ)

31. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിലേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 45.21123 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം**

2210-05-105-52-31—പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം-സഹായധനം ശമ്പളം

ബഡ്ജറ്റ് വിഹിതം : 49.1077 കോടി രൂപ (നോൺ പ്ലാൻ)

32. R.C.C.-യിൽ ജീവനക്കാർക്ക് പുതുക്കിയ നിരക്കിൽ ശമ്പളം അനുവദിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിലേക്ക് 48.9423 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-52-36—പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം-സഹായധനം ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 29.1789 കോടി രൂപ (നോൺ പ്ലാൻ)

33. പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രത്തിലേയ്ക്കുള്ള മരുന്നുകൾ, റിയേജന്റുകൾ തുടങ്ങിയവ വാങ്ങുന്നതിനും നിർദ്ധന രോഗികളുടെ ചികിത്സ, കെട്ടിടത്തിന്റെയും ഉപകരണങ്ങളുടെയും പരിപാലന അറ്റകുറ്റപ്പണികൾ, മാലിന്യ നിർമ്മാർജ്ജനം, ഓഡിറ്റ്

ചെലവുകൾ തുടങ്ങിയ വിവിധ ചെലവുകൾ വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 21.9911 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-200-97-31—നീണ്ടകരയിലെ ആർ.സി.സി.-യുടെ പെരിഫറൽ സെന്ററിന് ധനസഹായം-സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 29.78 ലക്ഷം രൂപ (നോൺ പ്ലാൻ)

34. ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളം നല്കുവാനായി 2026-27 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2.22 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-200-97-36—നീണ്ടകരയിലെ ആർ.സി.സി യുടെ പെരിഫറൽ സെന്ററിന് ധനസഹായം-സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 12.29 ലക്ഷം രൂപ (നോൺ പ്ലാൻ)

35. നീണ്ടകരയിലുള്ള R.C.C.യുടെ പെരിഫറൽ സെന്ററിൽ ക്യാമ്പുകൾ നടത്തുന്നതിനും രോഗികൾക്ക് മരുന്നുകൾ വാങ്ങുന്നതിനും മേൽ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 7.71 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മലബാർ ക്യാൻസർ സെന്റർ**

2210-05-200-96-31—മലബാർ ക്യാൻസർ സെന്ററിന് സഹായം

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-05-200-96-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം : 30 കോടി രൂപ

2210-05-200-96-36—സഹായധനം-ശമ്പളേതരം : 20 കോടി രൂപ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-200-96-31—സഹായധനം—ശമ്പളം : 7.1425 കോടി രൂപ

2210-05-200-96-36—സഹായധനം-ശമ്പളേതരം : 6.5559 കോടി രൂപ

36. മലബാർ ക്യാൻസർ സെന്ററിലെ അക്കാദമിക് & റിസർച്ച് ആവശ്യങ്ങൾക്കും നിലവിൽ അവിടെ നടന്നു വരുന്ന വികസന പദ്ധതികളുടെ പൂർത്തീകരണത്തിനും മറ്റ് നോൺ പ്ലാൻ ചെലവുകൾക്കും മേൽ സൂചിപ്പിച്ച ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 56.4037 കോടി രൂപ പ്ലാൻ ഫണ്ടിലും 14.3052 കോടി രൂപ നോൺ പ്ലാൻ ഫണ്ടിലും ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി**

2210-06-800-81-31—പ്രധാന മന്ത്രി ജന ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാന പദ്ധതി

ബഡ്ജറ്റ് വിഹിതം : 768 കോടി രൂപ (പ്ലാൻ)

37. എംപാനൽ ചെയ്തിട്ടുള്ള വിവിധ ആശുപത്രികൾക്കും കൂടി ആകെ 16.40 കോടി രൂപ കുടിശ്ശിക കൊടുത്ത് തീർക്കാനുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ 388 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നതിനുള്ള ശിപാർശ**

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി-പ്രധാന മന്ത്രി ജൻ ആരോഗ്യ യോജന (KASP-PMJAY)-സമഗ്ര ആരോഗ്യ പരിരക്ഷ.

38. സമഗ്ര ആരോഗ്യ പരിരക്ഷ എന്ന സർക്കാർ നയത്തിന്റെ ഭാഗമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഇടത്തരം വരുമാനമുള്ള 18 ലക്ഷം കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച 50 കോടി രൂപ വകയിരുത്തുന്നതിന് പ്രത്യേക ശീർഷകം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഐക്കോൺസ്**

2210-05-105-36—ജ്ഞാന ഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം : 2.7829 കോടി രൂപ (നോൺ പ്ലാൻ)

39. കുട്ടികളിലും മുതിർന്നവരിലും ബൗദ്ധികവും പഠനപരവുമായ ഭിന്നശേഷി കണ്ടെത്തുകയും ചികിത്സ നൽകുകയും ചെയ്യുന്ന ഐക്കോൺസിലെ സ്ഥിരം ജീവനക്കാരുടെ ശമ്പളം 11-ാം ശമ്പള കമ്മീഷൻ വ്യവസ്ഥകൾക്കനുസരിച്ചും മറ്റുള്ള കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും മറ്റും മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5.7264 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഇംഹാൻസ്

2210-05-200-95—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ്

2210-05-200-95-36—സഹായധനം- ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 14.59 ലക്ഷം രൂപ (നോൺ പ്ലാൻ)

40. ഇംഹാൻസിൽ ഓഫീസ് ആവശ്യങ്ങൾക്കും, മറ്റ് ആവശ്യങ്ങൾക്കും, ലബോറട്ടറി ഉപകരണങ്ങളുടെ AMC/CMC എടുക്കുന്നതിനും e-office, e-health സംവിധാനം നടപ്പിലാക്കുന്നതിനും മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 60.43 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി

2210-01-110-27-31—കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി-സഹായധനം- ശമ്പളം

ബഡ്ജറ്റ് വിഹിതം : 27.66 ലക്ഷം രൂപ (നോൺ പ്ലാൻ)

41. മെന്റൽ ഹെൽത്ത് അതോറിറ്റിയിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് മേൽ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 24.64 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിശുവികസന കേന്ദ്രം

2210-05-105-50—ശിശുവികസന സെന്റർ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം: (പ്ലാൻ)

2210-01-105-50-36—സഹായധനം- ശമ്പളേതരം : 4 കോടി രൂപ

ബഡ്ജറ്റ് വിഹിതം: (നോൺ പ്ലാൻ)

2210-01-105-50-31—സഹായധനം- ശമ്പളേതരം : 1.4603 കോടി രൂപ

42. മേൽപ്പറഞ്ഞ ശീർഷകങ്ങളിലേക്ക് 2026-27 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-50-31 : 41 ലക്ഷം രൂപ

2210-05-105-50-36 : 1.75 കോടി രൂപ

2210-01-101-88—കേരള ഡിജിറ്റൽ ഹെൽത്ത് മിഷൻ-ഇ-ഹെൽത്ത് പ്രോഗ്രാം

ബഡ്ജറ്റ് വിഹിതം: 27.6 കോടി രൂപ ( പ്ലാൻ)

43. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 24.6439684 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (K-SOTTO)**

2210-01-110-65-34-3—മരണപ്പെട്ട ദാതാവിൽ നിന്നും അവയവങ്ങൾ മാറ്റിവയ്ക്കൽ (മൃതസഞ്ജീവനി)-മറ്റു ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ ( പ്ലാൻ)

44. വിവിധ ജനകീയ ക്യാമ്പയിനുകളും ബോധവത്ക്കരണ പരിപാടികളും നടത്തുന്നതിനും എല്ലാ ജില്ലകളിലും കെ-സോട്ടോയുടെ ട്രാൻസ്പ്ലാന്റ് പ്രൊക്യൂർമെന്റ് യൂണിറ്റ് ആരംഭിക്കുന്നതിനും അതിനുവേണ്ട താൽക്കാലിക ജീവനക്കാരുടെ നിയമനം നടത്തുന്നതിൽ കെ-സോട്ടോയുടെ വെബ്സൈറ്റ് അപ്ഗ്രഡേഷനും ഓഫീസ് പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിനും മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ**

2210-06-101-24—എയ്ഡ്സ് ബാധിച്ച് മരണപ്പെട്ടവരുടെ ഭാര്യ/ഭർത്താവിന് നൽകുന്ന പ്രതിമാസ ധനസഹായവും യാത്രാപ്പടിയും

ബഡ്ജറ്റ് വിഹിതം: 11.115 കോടി രൂപ (നോൺ പ്ലാൻ )

45. എച്ച് ഐ.വി. ബാധിതരായവർക്കുള്ള ധനസഹായ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 31.8736 കോടി രൂപ പ്രസ്തുത ശീർഷകത്തിലേക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**ആയുഷ് വകുപ്പ്**

**ഭാരതീയ ചികിത്സാ വകുപ്പ്**

2210-02-001-99—ആയുർവേദം-ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

2210-02-001-99-05—ഓഫീസ് ചെലവുകൾ 01—വെള്ളക്കരം-1.22 ലക്ഷം രൂപ (നോൺപ്ലാൻ)

46. വാട്ടർ ചാർജ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 98,000 രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-101-97—മറ്റ് ആശുപത്രികളും ഡിസ്പെൻസറികളും

2210-02-101-97-06—വാടക, കരം, നികുതി- 7.1 ലക്ഷം രൂപ

47. ആലപ്പുഴ ഗവ: പഞ്ചകർമ്മ ആശുപത്രിയുടെ വാടകയും വർക്കല ഗവ: യോഗ പ്രകൃതി ചികിത്സാ ആശുപത്രിയുടെ നികുതി ഒടുക്കുന്നതിനും നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 22,000 രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-76—പ്രകൃതി ദുരന്തം മൂലമുള്ള പകർച്ചവ്യാധികളുടെ നിയന്ത്രണം

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

48. മരുന്നുകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-74—ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

ബഡ്ജറ്റ് വിഹിതം : (നോൺപ്ലാൻ)

2210-02-101-74-05—ഓഫീസ് ചെലവുകൾ-02- വൈദ്യുതി ചെലവ് : 2 ലക്ഷം രൂപ

2210-02-101-74-24—സാധന സാമഗ്രികൾ : 7.2 ലക്ഷം രൂപ

49. നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിലേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള തുക അധികമായി ധനപുനഃ വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-74-05-02 : 2.03 ലക്ഷം രൂപ

2210-02-101-74-24 : 16.80 ലക്ഷം രൂപ

2210-02-101-74—ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

50. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ സ്പോർട്സ് യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-66—ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നവീകരണവും, ആധുനികവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 22 കോടി രൂപ (പ്ലാൻ)

51. ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് അനുവദിച്ച ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 34.07 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-65—ജീവനിയും പുനർനവയും

2210-02-101-65-34—മറ്റ് ചെലവുകൾ-3 മറ്റിനം

ബഡ്ജറ്റ് വിഹിതം : 1.1 കോടി രൂപ (പ്ലാൻ)

